## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 3685** **24.06.2014 ൽ മറുപടിയ്ക്ക്**

### സൗരോർജ്ജ പദ്ധതികൾ

**ചോദ്യം**

ശ്രീ. കോവൂർ കുഞ്ഞുമോൻ

(എ) വൈദ്യുതി ബോർഡും നാഷണൽ ഹൈഡ്രോ പവർ ലിമിറ്റഡും ചേർന്ന് കേരളത്തിൽ ആരംഭിക്കുവാനുദ്ദേശിക്കുന്ന സൗരോർജ്ജ പദ്ധതികൾ ഏതൊക്കെയാണ്; ഇപ്രകാരം ലഭിക്കുന്ന വൈദ്യുതിയുടെ അളവ് എത്രയെന്ന് പദ്ധതി തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത രീതിയിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ താരിഫ് കണക്കാക്കുന്നത് ആരാണ്; ഇത് സൗജന്യമായി വൈദ്യുതി ബോർഡ് വിതരണം ചെയ്യുമോയെന്നറിയിക്കുമോ:

(സി) പ്രസ്തുത പദ്ധതികൾ എന്നുമുതൽ ഉത്പാദനശേഷി കൈവരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ) യും (ബി) യും (സി) യും

നിലവിൽ വൈദ്യുതി ബോർഡും നാഷണൽ ഹൈഡ്രോ പവർ ലിമിറ്റഡും ചേർന്ന് കേരളത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സൗരോർജ്ജ പദ്ധതി വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിലെ 50 മെഗാവാട്ടിന്റേത് ആണ്. ഇതിനുവേണ്ടി 07.05.2014 ൽ എൻ.എച്ച്.പി.സി യുമായി കെ.എസ്.ഇ.ബി. ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

പരമാവധി 18 മുതൽ 20 മാസം വരെയാണ് ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് ഉദ്ദേശിച്ചിരിക്കുന്നത്. പദ്ധതിയിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ താരിഫ് കേരളാ സ്റ്റേറ്റ് റെഗുലേറ്ററി കമ്മീഷനാണ് തീരുമാനിക്കുന്നത്. പദ്ധതിയ്ക്ക് ആവശ്യമായി വരുന്ന സ്ഥലത്തിന്റെ പാട്ടക്കരം സ്ഥലത്തിന്റെ ഉടമസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് രൂപീകരിക്കുന്ന കമ്പനിക്ക് കെ.എസ്.ഇ.ബി. നേരിട്ട് കൈമാറുന്നതാണ്. ഈ പദ്ധതിയിൽ നിന്നുള്ള വൈദ്യുതി കെ.എസ്.ഇ.ബി.യുടെ പൊതു ഗ്രിഡിലേക്ക് ലഭ്യമാക്കുകയും മറ്റ് വൈദ്യുതിയ്ക്കൊപ്പം വിവിധ ഉപഭോക്താക്കൾക്ക് കെ.എസ്.ഇ.ആർ.സി. തീരുമാനിക്കുന്ന നിരക്കിൽ വിതരണം ചെയ്യുന്നതുമാണ്.

സെക്ഷൻ ഓഫീസർ